# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:05.08.2025**

### പ്രധാനവാർത്തകൾ

1. ബിഹാറിലെ വോട്ടർ പട്ടിക പരിഷ്കരണത്തിലെ പ്രതിപക്ഷ ബഹളത്തിൽ പാർലമെന്റ് നടപടികൾ ഇന്നും തടസ്സപ്പെട്ടു. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.
2. വിദ്യാഭ്യാസ മേഖലയിൽ കാലഘട്ടത്തിന് അനുസരിച്ചുള്ള പുതുമകൾ കൊണ്ടുവരാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി വി ശിവൻകുട്ടി.
3. സർവകലാശാല വിഷയത്തിൽ, ചാൻസലറായ ഗവർണറുമായി ചർച്ചകൾ തുടരുമെന്ന് മന്ത്രി ആർ ബിന്ദു.
4. സംസ്ഥാനത്ത് വ്യാപക മഴ തുടരുന്നു. നാല് ജില്ലകളിൽ ചുവപ്പ് ജാഗ്രത. പലയിടത്തും വെള്ളക്കെട്ട് രൂക്ഷം.
5. ഉത്തരകാശിയിൽ ഉണ്ടായ മേഘവിസ്ഫോടനത്തിൽ കനത്ത നാശനഷ്ടം. ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
6. സംസ്ഥാനത്ത് തദ്ദേശതെരഞ്ഞെടുപ്പിനുള്ള വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനും തിരുത്താനുമുള്ള സമയപരിധി മറ്റന്നാൾ അവസാനിക്കും.

&&&&&&&&&&&&&&&&&&&&&&

<u>പ്രധാനമന്ത്രി - ഫിലിപ്പീൻസ്</u>

ഇന്ത്യയും ഫിലിപ്പീൻസും ഇന്ന് ഒൻപത് ധാരണാപത്രങ്ങൾ കൈമാറി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് റോമാൽഡെസ് മാർക്കോസിന്റെയും സാന്നിധ്യത്തിലാണ് ധാരണാപത്രങ്ങൾ

RNU TVPM

കൈമാറിയത്. ഇന്ത്യയും ഫിലിപ്പീൻസും തമ്മിലുള്ള നയതന്ത്ര ബന്ധത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്നതിനാൽ ഫിലിപ്പീൻസ് പ്രസിഡന്റിന്റെ സന്ദർശനത്തിന് പ്രത്യേക പ്രാധാന്യമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&

<u>പാർലമെൻറ്</u>

ബിഹാറിലെ വോട്ടർ പട്ടിക പരിഷ്കരണത്തിലെ പ്രതിപക്ഷ ബഹളത്തിൽ ഇന്നും പാർലമെന്റിൽ നടപടികൾ തടസ്സപ്പെട്ടു. ഉച്ചയ്ക്ക് 2 മണി വരെ നിർത്തി വച്ച ലോക്സഭ വീണ്ടും സമ്മേളിച്ചപ്പോൾ എല്ലാ വിഷയങ്ങളിലും ചർച്ചയ്ക്ക് സർക്കാർ തയ്യാറാണെന്ന് പ്രിസൈഡിംഗ് ഓഫീസർ അറിയിച്ചു. എന്നാൽ പ്രതിപക്ഷ പ്രതിഷേധം തുടർന്നതോടെ ലോക്സഭാ ഇന്നത്തേക്ക് പിരിഞ്ഞു. രാജ്യസഭയിലും സമാനമായ സാഹചര്യമാണുണ്ടായത്. ബഹളം രൂക്ഷമായതോടെ രാജ്യസഭയും ഇന്നത്തേക്ക് പിരിഞ്ഞു.

&&&&&&&&&&&&&&&&&&&&&

<u>മന്ത്രി വി. ശിവൻകുട്ടി</u>

വിദ്യാഭ്യാസ മേഖലയിൽ കാലഘട്ടത്തിന് അനുസരിച്ചുള്ള പുതുമകൾ കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി വി ശിവൻകുട്ടി. സ്കൂൾ സമയ മാറ്റവും ഭക്ഷണ മെനുവിലുള്ള മാറ്റവുമെല്ലാം ഇതിന്റെ ഭാഗമാണെന്നും മന്ത്രി വ്യക്തമാക്കി . കുട്ടികളിലെ മൊബൈൽ അഡിക്ഷൻ കുറക്കൽ, ലഹരി വിരുദ്ധ ക്യാമ്പയിൻ എന്നി കാര്യങ്ങളിൽ അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുമെന്നും മലപ്പുറം പ്രസ് ക്ലബ്ബിന്റെ മുഖാമുഖം പരിപാടിയിൽ സംസാരിക്കവെ മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&

<u>മഴ</u>

സംസ്ഥാനത്ത് അതിതീവ്രമായ മഴയ്ക്കു സാധ്യയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, ഇടുക്കി, തൃശൂർ, മലപ്പുറം ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള ജില്ലകളിലെല്ലാം ഓറഞ്ച്

PNU TVPM

ജാഗ്രതയും ഈ രണ്ട് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്.

കേരളതീരത്ത് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

## മലപ്പുറം - മഴ (ഇൻട്രോ)

മലപ്പുറം ജില്ലയിൽ കനത്ത മഴ തുടരുകയാണ്. കരുവാരക്കുണ്ട് മേഖലയിലാണ് മഴക്കെടുതി രൂക്ഷമായിട്ടുള്ളത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു...**
**(വോയ്സ്)**

&&&&&&&&&&&&&&&&&&&&&&

## കൊച്ചി, തൃശ്ശൂർ , മലപ്പുറം - മഴ

ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച തൃശ്ശൂരിലെ പല പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂക്ഷം. കൊച്ചിയിലെ കലൂർ, ഇടപ്പള്ളി, പാലാരിവട്ടം മേഖലകളിലും വെള്ളം കയറി. കോഴിക്കോട് നരിപറ്റ പഞ്ചായത്തിലെ കമ്മായിത്തോടിൽ മലവെള്ള പാച്ചിൽ ഉണ്ടായി. വാണിമേൽപുഴയിൽ ജലനിരപ്പ് ഉയർന്നു, ആശങ്ക വേണ്ടെന്ന് അധികൃതർ പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&&&&&

## ഉത്തരകാശി

ഉത്തരാഖണ്ഡിൽ ഉത്തരകാശി ജില്ലയിലെ ധരാലിയിൽ മേഘവിസ്ഫോടനത്തിൽ കനത്ത നാശനഷ്ടം. ഘീർഗംഗ നദികരകവിഞ്ഞൊഴുകുകയാണ്. 40ഓളം പേരെ കാണാതായി റിപ്പോർട്ട്. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കരസേന, ദേശീയ- സംസ്ഥാന ദുരന്ത പ്രതികരണ സേനകളെ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിന്യസിച്ചിട്ടുണ്ട്. സംഭവത്തിൽ ഉത്താരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി അതീവ ദുഃഖം രേഖപ്പെടുത്തി.
മിന്നൽ പ്രളയം സംബന്ധിച്ച് പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തരമന്ത്രിയും ഉത്തരാഖണ്ഡ് മുഖ്യമന്ത്രിയുമായി

സംസാരിച്ചു. മൂന്ന് ഇന്തോ ടിബറ്റൻ ബോർഡർ പൊലീസ് സംഘത്തേയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിന്യസിച്ചിട്ടുണ്ട്

&&&&&&&&&&&&&&&&&&&&&

<u>വയനാട് (ഇൻട്രോ)</u>

ഉൽപ്പാദന ചെലവ് നാൾക്കുനാൾ വർധിക്കുമ്പോഴും അതിനാനുപാതികമായി പാൽവില വർധിപ്പിക്കാത്തതിനാൽ വയനാട് ജില്ലയിൽ ക്ഷീര കർഷകർ പ്രതിസന്ധിയിൽ. അതേസമയം, പാൽ വില വര്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്താൻ മിൽമ 5 അംഗ സമിതിയെ നിയോഗിച്ചു. **വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.**

(വോയിസ്)

&&&&&&&&&&&&&&&&&&&&&

<u>ആർ. ബിന്ദു - സർവകലാശാല</u>

സർവകലാശാല വിഷയത്തിൽ, ചാൻസലറായ ഗവർണറുമായി ചർച്ചകൾ തുടരുമെന്ന് മന്ത്രി ആർ ബിന്ദു കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. സമയ പരിമിതി കാരണം ആദ്യഘട്ട ചർച്ചയിൽ തീരുമാനത്തിൽ എത്തിയിരുന്നില്ല. ക്ലാസ് മുറികളിൽ 'പിൻബെഞ്ച് ക്രമീകരണത്തിൽ മാറ്റം വരുത്തുന്നത് കുട്ടികൾക്ക് ആത്മവിശ്വാസം വർധിപ്പിക്കുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു .എന്നാൽ ഇക്കാര്യത്തിൽ കോളേജുകൾക്ക് സ്വയം തീരുമാനമെടുക്കാമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&

<u>വോട്ടർപട്ടിക</u>

സംസ്ഥാനത്ത് തദ്ദേശതെരഞ്ഞെടുപ്പിനുള്ള വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനും തിരുത്താനുമുള്ള സമയപരിധി മറ്റന്നാൾ അവസാനിക്കും. പേര് ഉൾപ്പെടുത്താൻ ഇതുവരെ പതിനൊന്ന് ലക്ഷത്തിലേറെ പേർ അപേക്ഷ നൽകി. ഈ മാസം 30 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&&&&

PNUTVPM

## പ്രതിപക്ഷ നേതാവ് - വി.ഡി സതീശൻ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള തീയതി നീട്ടണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷന് കത്ത് നൽകി. ജൂലൈ 23-ന് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം ഓഗസ്റ്റ് 7 വരെ, അതായത് 15 ദിവസം മാത്രമാണ് പേര് ചേർക്കാൻ സമയം അനുവദിച്ചിരിക്കുന്നത്. തീയതി 15 ദിവസം കൂടി നീട്ടി നൽകണമെന്നാണ് പ്രതിപക്ഷ നേതാവ് ആവശ്യമുന്നയിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&&&&

## നെഹ്റു ട്രോഫി- വള്ളംകളി (ഇൻട്രോ)

ഇക്കൊല്ലത്തെ നെഹ്റു ട്രോഫി ജലോത്സവത്തിനുള്ള ഒരുക്കങ്ങൾ ആലപ്പുഴയിൽ ആരംഭിച്ചു.
ഈ മാസം 30 ന് നടക്കുന്ന വള്ളംകളി കുറ്റമറ്റതാക്കാൻ നിയമാവലിയിൽ മാറ്റം വരുത്തിയിട്ടുണ്ട് .

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാപ്രതിനിധി രവികുമാർ...**
(വോയ്സ്)

&&&&&&&&&&&&&&&&&&&&&

## ഷാനവാസ്

അന്തരിച്ചു ചലച്ചിത്ര താരവും പ്രേംനസീറിന്റെ മകനുമായ ഷാനവാസിൻറെ ഭൗതികദേഹം കബറടക്കി. വഴുതക്കാടുള്ള അദ്ദേഹത്തിൻറെ വസതിയിലെ പൊതുദർശനത്തിന് ശേഷം വൈകിട്ട് അഞ്ച് മണിയോടെ തിരുവനന്തപുരം പാളയം ജുമാ മസ്ജിദിലാണ് കബറടക്കിയത്. സിനിമ ടെലിവിഷൻ രംഗത്തെ പ്രമുഖർ ആദരാഞ്ജലി അർപ്പിച്ചു. മലയാളം, തമിഴ് ഭാഷകളിലായി 96 സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&

RNU TVPM

## ഇരവികുളം - വരയാടുകൾ (ഇൻട്രോ)

ലോകത്താകെ ഇനി 2668 വരയാടുകൾ. കേരളം-തമിഴ്നാട് വനമേഖലകളിൽ നടത്തിയ വരയാടുകളുടെ സംയുക്ത കണക്കെടുപ്പ് റിപ്പോർട്ട് മന്ത്രി എ.കെ ശശീന്ദ്രൻ പ്രകാശനം ചെയ്തു . ഇരവികുളം നാഷണൽ പാർക്ക് സ്ഥാപിതമായതിന്റെ 50-ാാം വാർഷികം ആചരിക്കുന്നതിനു മുന്നോടിയായാണ് കണക്കെടുപ്പ് നടത്തിയത് .

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയ്സ്)

&&&&&&&&&&&&&&&&&&&&&&

## കലോത്സവം - ശിവൻകുട്ടി

RNU TVPM

64-ാമത് കേരള സ്കൂൾ കലോത്സവം 2026 ജനുവരി 07 മുതൽ 11 വരെ തൃശ്ശൂർ ജില്ലയിൽ വച്ച് നടത്താൻ തീരുമാനിച്ചതായി വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി. കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനായി അംഗീകൃത അദ്ധ്യാപക സംഘടനകളുടെ നേതൃത്വത്തിൽ വിവിധ സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## ട്രാൻസ്ജെൻഡർ കലോത്സവം " വർണ്ണപ്പകിട്ട്

ഈ വർഷത്തെ ട്രാൻസ്ജെൻഡർ കലോത്സവം " വർണ്ണപ്പകിട്ട് " ഈ മാസം 21, 22, 23 തീയതികളിലായി കോഴിക്കോട് സംഘടിപ്പിക്കുമെന്ന് മന്ത്രി ആർ ബിന്ദു വാർത്ത സമ്മേളനത്തിൽ അറിയിച്ചു. ട്രാൻസ്ജെൻഡർ പോളിസി നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനങ്ങളിലെ പ്രതിനിധികളെയും മറ്റു വിഷയ വിദഗ്ദ്ധരെയും ഉൾപ്പെടുത്തിയുള്ള ദേശീയ സമ്മേളനം 21ന് നടക്കും.

&&&&&&&&&&&&&&&&&&&&&&

## ട്രാവൽ ബസാർ

ഉത്തര മലബാർ ടൂറിസം ഓർഗനൈസേഷന്റെ നേതൃത്വത്തിൽ കിയാലിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന മൂന്നാമത് ട്രാവൽ ബസാർ നവംബർ 15, 16 തീയതികളിൽ നടക്കുമെന്ന് സംഘാടകർ അറിയിച്ചു. രാജ്യത്ത് ആദ്യമായാണ് ഒരു എയർപോർട്ട്, ട്രാവൽ മാർട്ടിന്റെ വേദിയാകുന്നത്. ഉത്തര മലബാറിലേക്കുള്ള സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായാണ് ട്രാവൽ ബസാർ സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - സ്കൂൾ

സ്കൂളുകളിലും ആശുപത്രികളിലും ഉൾപ്പെടെ ബലഹീനമായതും പൊളിച്ചുമാറ്റേണ്ടതുമായ കെട്ടിടങ്ങളുടെ വിവരം രണ്ടാഴ്ചയ്ക്കകം നൽകണമെന്ന് ദുരന്ത നിവാരണ വകുപ്പിന് നിർദ്ദേശം നൽകി മുഖ്യമന്ത്രി പിണറായി വിജയൻ. ഇതുമായി ബന്ധപ്പെട്ട് ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അൺ എയ്ഡഡ് സ്കൂൾ കെട്ടിടങ്ങളുടെയും സുരക്ഷാ പരിശോധന ഇതോടൊപ്പം നടത്തണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&